"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരള പഞ്ചായത്ത് രാജ് ആക്ട്, 1994 - ഇടുക്കി ജില്ലയിലെ ആലക്കോട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.12.2024-ലെ 20(1), 23.01.2025-ലെ 4(1) നമ്പർ തീരുമാനങ്ങൾ റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.347/2026/LSGD തീയതി, തിരുവനന്തപുരം, 09-02-2026

---

പരാമർശം:-

1. ആലക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29.01.2025-ലെ 4OO554/DGAP02/GP0/2025/336 നമ്പർ കത്ത്.
2. സ.ഉ.(സാധാ) നം.473/2025/LSGD തീയതി 14.02.2025
3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന്റെ 06.01.2026-ലെ റഫറൻസ് 02/2025 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ ആലക്കോട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.12.2024-ലെ 20(1), 23.01.2025-ലെ 4(1) നമ്പർ തീരുമാനങ്ങൾ ചുവടെപ്പറയുന്ന സാഹചര്യത്തിൽ പരാമർശം (1) പ്രകാരം പഞ്ചായത്ത് സെക്രട്ടറി സർക്കാരിലേക്ക് റഫർ ചെയ്തിരുന്നു.

2) ആലക്കോട് ഗ്രാമപഞ്ചായത്തിൽ ആലക്കോട് വില്ലേജിൽ സർവ്വേ നമ്പർ 325/1-2, 325/4-1, 329/4-1 ൽ ഉൾപ്പെട്ട 83 ആർ 45 സ്ക്വ.മീറ്റർ സ്ഥലത്ത് BRSS PLY INDUSTRIES എന്ന വ്യവസായ ആവശ്യത്തിനുള്ള കെട്ടിടത്തിന്റെ നിർമ്മാണാനുമതി ലഭിക്കുന്നതിനായി, പ്രസ്തുത സ്ഥാപനം തുടങ്ങുന്നതിന് ആവശ്യമായ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം അടക്കം മതിയായ എല്ലാ രേഖകളും സഹിതം സമർപ്പിച്ച അപേക്ഷയിൽ ഗ്രാമപഞ്ചായത്ത് സാങ്കേതിക വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ അന്വേഷണം നടത്തുകയും നിർമ്മാണ അനുമതി നൽകാവുന്നതാണെന്ന് റിപ്പോർട്ട് നൽകുകയും ചെയ്തിരുന്നു. ടി വിഷയം പഞ്ചായത്ത് കമ്മിറ്റിയിൽ അജണ്ടയായി വരികയും BRSS PLY INDUSTRIES എന്ന വ്യവസായ യൂണിറ്റ് നിലവിൽ വന്നാൽ കുടിവെള്ളം, വായു തുടങ്ങിയവ മലിനപ്പെടും എന്നും പൊതുജന താല്പര്യത്തിന് എതിരാണ് സ്ഥാപനം എന്നുമുള്ള കാരണത്താൽ 30.12.2024-ലെ പഞ്ചായത്ത് കമ്മിറ്റി യോഗത്തിന്റെ തീരുമാനം 20(1) പ്രകാരം പ്രസ്തുത വ്യവസായ സ്ഥാപനത്തിന് നിർമ്മാണാനുമതി നൽകേണ്ടതില്ല എന്ന് തീരുമാനിക്കുകയുമുണ്ടായി. കെട്ടിടനിർമ്മാണ പെർമിറ്റിന് ആവശ്യമായ എല്ലാ രേഖകളും ഉൾപ്പെടെ സമർപ്പിച്ച അപേക്ഷ ആയതിനാലും നിർമ്മാണാനുമതി നൽകാവുന്നതാണെന്ന് സാങ്കേതിക വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ അന്വേഷിച്ച് റിപ്പോർട്ട് നൽകിയിട്ടുള്ളതിനാലും നിർമാണാനുമതി നിഷേധിക്കുവാൻ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നിയമപരമായി സാധിക്കുകയില്ലെന്നും

അതിനാൽ പെർമിറ്റ് അനുവദിക്കേണ്ടി വരുമെന്നും പഞ്ചായത്ത് സെക്രട്ടറി യോഗത്തിൽ അറിയിച്ചിട്ടും പഞ്ചായത്ത് കമ്മിറ്റി ടി തീരുമാനത്തിൽ ഉറച്ചു നിൽക്കുകയുണ്ടായി. പഞ്ചായത്ത് കമ്മിറ്റിയുടെ ടി തീരുമാനം പുനഃപരിശോധിക്കുന്നതിനായി 23.01.2025 തീയതിയിലെ പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ ടി വിഷയം അജണ്ടയായി വീണ്ടും ഉൾപ്പെടുത്തിയെങ്കിലും മുൻ തീരുമാനത്തിൽ മാറ്റം വരുത്തേണ്ടതില്ലെന്ന് 23.01.2025-ലെ 4(1) നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളതാണ്.

3) പരാമർശം (1) പ്രകാരം ടി തീരുമാനങ്ങൾ റഫർ ചെയ്തതിനെത്തുടർന്ന് സർക്കാർ ഇക്കാര്യം പരിശോധിക്കുകയും ആലക്കോട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.12.2024-ലെ 20(1) , 23.01.2025-ലെ 4(1) നമ്പർ തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(4) വകുപ്പ് പ്രകാരം സ്റ്റേ ചെയ്തും സെക്ഷൻ 191(2) പ്രകാരം തദ്ദേസസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന് റഫർ ചെയ്തും പരാമർശം(4) പ്രകാരം ഉത്തരവായിരുന്നു.

4) 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം, കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷ പരിഗണിക്കാൻ അധികാരമുള്ളത് പഞ്ചായത്ത് സെക്രട്ടറിയ്ക്കാണെന്നും ഇത്തരം അപേക്ഷകളിൽ അനുമതി നൽകാനോ നിരസിക്കാനോ ഉള്ള അധികാരം സെക്രട്ടറിയ്ക്കാണെന്നും സെക്രട്ടറിയുടെ തീരുമാനത്തിന്മേലുള്ള അപ്പീൽ അധികാരി കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 276(4) പ്രകാരം ട്രൈബ്യൂണലാണെന്നും കെട്ടിടനിർമ്മാണാനുമതി നിഷേധിക്കാനുള്ള നിയമപരമായ അധികാരം പഞ്ചായത്ത് കമ്മിറ്റിയ്ക്കില്ലെന്നും അതിനാൽ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് നിയമസാധുതയില്ലെന്നും സെക്രട്ടറിയിൽ നിക്ഷിപ്തമായ നിയമപരമായ ചുമതലകളിലോ അധികാരങ്ങളിലോ ഇടപെടുന്നതിൽ നിന്നും കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 185B പ്രകാരം പഞ്ചായത്ത് കമ്മിറ്റിയെ വിലക്കിയിട്ടുണ്ടെന്നും പരാമർശം (3) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന്റെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലയിലെ ആലക്കോട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.12.2024 ലെ 20(1), 23.01.2025-ലെ 4(1) നമ്പർ തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ വകുപ്പ് 191(1) പ്രകാരം റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYANTHI B S

ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം 695035 (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം

ജില്ല ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, ഇടുക്കി

പ്രസിഡന്റ്, ആലക്കോട് ഗ്രാമപഞ്ചായത്ത്, ഇടുക്കി

സെക്രട്ടറി, ആലക്കോട് ഗ്രാമപഞ്ചായത്ത്, ഇടുക്കി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ് /എ&ഇ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം ഇൻഫർമേഷൻ ഓഫീസർ (വെബ് ആന്റ് ന്യൂ മീഡിയ), വിവരപൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ആർഎ3/60/2025-തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Shini Pereira. V
Date: 09-02-2026 15:27:49

സെക്ഷൻ ഓഫീസർ